**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5256 02.07.13-ൽ മറുപടി പറയേണ്ടിയിരുന്നത്**

## "ആപ്പിൾ ട്രീ എന്ന സ്വകാര്യ ചിട്ടി സ്ഥാപനം"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി. | | ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം പുതുപ്പള്ളി ആസ്ഥാനമായി പ്രവർത്തിക്കുന്ന ആപ്പിൾട്രീ എന്ന സ്വകാര്യ ചിട്ടി സ്ഥാപനം വൻതോതിൽ നിക്ഷേപം ജനങ്ങളിൽ നിന്നും വാങ്ങിയെടുത്തിട്ടുണ്ട് എന്ന മാധ്യമ വാർത്തകൾ ധനവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ചിട്ടി രജിസ്ട്രേഷൻ, ചിട്ട് ഫണ്ട് ആക്ട് എന്നിവ കൈകാര്യം ചെയ്യുന്നത് രജിസ്ട്രേഷൻ വകുപ്പാണ്. ഈ വിഷയം രജിസ്ട്രേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആരുടെ പേരിലാണ് ഈ സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത്; ഇതിന്റെ മാനേജിംഗ് ഡയറക്ടർ, ഡയറക്ടർമാർ, ഇവർ ആരെല്ലാമാണ്; | (ബി) | കോട്ടയം കഞ്ഞിക്കുഴിയിൽ പുളിമൂട്ടിൽ ആർക്കേഡിൽ പ്രവർത്തിക്കുന്ന ആപ്പിൾട്രീ ചിട്ടി കമ്പനി മാത്രമാണ് ചിട്ടി നടത്താൻ അപേക്ഷ നൽകിയിട്ടുള്ളത്. ടി ചിട്ടി കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ശങ്കർ ജി. ദാസും എക്സിക്യൂട്ടീവ് ഡയറക്ടർ ആർ. വിനുകുമാറും ആണ് എന്ന് അപേക്ഷയിൽ കാണുന്നു. |
| (സി) | ഈ സ്ഥാപനത്തിന് എത്ര ബ്രാഞ്ചുകളുണ്ട്; | (സി) | ആപ്പിൾട്രീ ചിറ്റ്സ് എന്ന സ്ഥാപനത്തിന്റെ വിവിധ ബ്രാഞ്ചുകളിൽ ജില്ലാ രജിസ്ട്രാർമാരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ടിൽ നിന്നും ടി സ്ഥാപനത്തിന് കേരളത്തിൽ 51 ബ്രാഞ്ചുകൾ ഉണ്ടായിരുന്നതായി കാണുന്നു. ഇതിൽ കോട്ടയം ജില്ലയിൽ 6 ബ്രാഞ്ചുകൾ പ്രവർത്തിച്ചിരുന്നതായ വിവരം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടി സ്ഥാപനത്തിന്റെ ബ്രാഞ്ചുകളിൽ ജില്ലാ രജിസ്ട്രാർമാർ നടത്തിയ പരിശോധനയിൽ എല്ലാ ബ്രാഞ്ചുകളും പൂട്ടിയ നിലയിൽ കണ്ടെത്തുകയുണ്ടായി. നിലവിൽ, ടി സ്ഥാപനത്തിന്റെ ബ്രാഞ്ചുകൾ ഒന്നും തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |
| (ഡി) | എത്ര രൂപയുടെ ചിട്ടി നടത്താനാണ് ഇവർക്ക് അംഗീകാരം നൽകിയിട്ടുള്ളത്; | (ഡി) | കോട്ടയം കഞ്ഞിക്കുഴിയിൽ പുളിമൂട്ടിൽ ആർക്കേഡിൽ പ്രവർത്തിക്കുന്ന ആപ്പിൾട്രീ ചിട്ടി കമ്പനിക്ക് ഒരു ലക്ഷം രൂപ സലയുള്ള ഒരു ചിട്ടി ആരംഭിക്കുന്നതിനുള്ള മുൻകൂർ അനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | നിക്ഷേപമായും ചിട്ടി നടത്തിപ്പ-മായും എത്ര കോടി രൂപയുടെ ബിസിനസ് ഈ സ്ഥാപനം നടത്തിവരുന്നുണ്ട്; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഇ) | കോട്ടയം ജില്ലാ രജിസ്ട്രാർ ഓഫീസിൽ ലഭ്യമായ ടി സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള 29.01.2013 വരെയുള്ള ബാലൻസ് ഷീറ്റിന്റെ പകർപ്പിൽ നിന്നും ടി സ്ഥാപനത്തിന് share capital ഇനത്തിൽ 50 ലക്ഷം രൂപയുള്ളതായും, Cash and Bank Balance ഇനത്തിൽ 27,71,103/- രൂപയുള്ളതായും കാണുന്നു. |

**സെക്ഷൻ ഓഫീസർ.**